(എ) തൃശ്ശൂർ ജില്ലയിൽ 3 വർഷത്തിലധികമായി ഒരു പഞ്ചായത്തിൽ തന്നെ ജോലി ചെയ്യുന്ന എത്ര എക്സിക്യൂട്ടീവ് ആഫീസർമാർ ഉണ്ട് ;

(ബി) ഇവർ ജോലി ചെയ്യുന്ന പഞ്ചായത്തും അവർ അവിടെ ജോലി ചെയ്ത കാലയളവും വെളിപ്പെടുത്തുമോ ;

(സി) 3 വർഷത്തിലധികമായി ഒരു പഞ്ചായത്തിൽ ജോലി ചെയ്യുന്ന എക്സിക്യൂട്ടീവ് ആഫീസർമാരെ മാറാതിരിക്കാനുള്ള കാരണം എന്താണ് ;

(ഡി) 3 വർഷത്തിലധികം ഒരു പഞ്ചായത്തിൽ ജോലി ചെയ്യുന്ന തൃശ്ശൂർ ജില്ലയിലെ എക്സിക്യൂട്ടീവ് ആഫീസർമാരെ മാറ്റുന്നതിന് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 17

(ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് †

(സി) പ്രത്യേക കാരണങ്ങൾ ഒന്നും ഇല്ല.

(ഡി) ഇല്ല

(ഇ) അങ്ങനെ ഒരു നിർദ്ദേശത്തിന്റെ ആവശ്യമില്ല. 3 വർഷത്തിലധികം ഒരു പഞ്ചായത്തിൽ ജോലി ചെയ്തു കഴിഞ്ഞാൽ മാറാവുന്നതാണ്.

മൂന്നു വർഷത്തിലധികം ഒരു പഞ്ചായത്തിൽ ജോലി ചെയ്യുന്നവർ

111. [129] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ ഒരേ തസ്തികയിൽ ഒരു പഞ്ചായത്തിൽ മൂന്ന് വർഷത്തിലധികം ജോലി ചെയ്യുന്ന എത്ര പഞ്ചായത്ത് ജീവനക്കാർ ഉണ്ട് ;

(ബി) ഇവരെ മാറ്റുന്നതിന് ജില്ലാ പഞ്ചായത്ത് ആഫീസർക്ക് നിർദ്ദേശം എന്നാണ് നൽകിയത് ;

(സി) ഈ നിർദ്ദേശം നടപ്പിലാക്കാത്തതുകൊണ്ട് എത്ര ജീവനക്കാർ ഇപ്പോഴും മൂന്നു വർഷം കഴിഞ്ഞിട്ടും ഓരോ പഞ്ചായത്തിലും ജോലി ചെയ്യുന്നു ;

(ഡി) 3 വർഷത്തിലധികം ഒരു തസ്തികയിൽ ഒരു പഞ്ചായത്തിൽ ജോലി ചെയ്യുന്ന എല്ലാ പഞ്ചായത്ത് ജീവനക്കാരെയും മാറ്റി നിയമിക്കാൻ തൃശ്ശൂർ ജില്ലാ പഞ്ചായത്താഫീസർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ ഒരേ തസ്തികയിൽ ഒരു പഞ്ചായത്തിൽ മൂന്നിലധികം വർഷം ജോലി ചെയ്യുന്ന 192 ജീവനക്കാർ ഉണ്ട്

(ബി) നിർദ്ദേശം നൽകിയിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 1987 ഏപ്രിൽ, മേയ് മാസങ്ങളിൽ പൊതുസ്ഥലംമാറ്റം നടത്തുമ്പോൾ 3 വർഷത്തിൽ കൂടുതൽ ഒരേ പഞ്ചായത്തിൽ ജോലി ചെയ്തു വരുന്ന പഞ്ചായത്ത് ജീവനക്കാരെ ഭരണപരമായ അസൗകര്യങ്ങൾ ഉണ്ടാകാതെ സ്ഥലം മാറ്റുവാൻ നിർദ്ദേശം നൽകുന്നതാണ്.

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly